HLM-0194

The Heavenly Light Ministry

ദൈവത്തിൻ പൈതലേ ! നിന്റെ ജീവിതക്കാലം അതിൽ
ഓരോരോ ഭാരങ്ങളാലെ പാരം വലഞ്ഞീടുമ്പോൾ
ചിന്താകുലങ്ങൾ ചിന്തകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻ പേർക്കായ്ക്കരുതുന്നുണ്ടവൻ
ലോകത്തിൻ ചിന്തകളാലും രോഗപീഡകളാലും
മററുപ്രയാസങ്ങളാലും മുററും തളർന്നീടുമ്പോൾ.. ചിന്താ
കർത്താവിനിഷ്ടമാംവണ്ണം നിത്യം ജീവിച്ചിടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും നിഷ്ഫലമായ്വരുമ്പോൾ... ചിന്താ
ദൈവം നിന്നെ നടത്തുന്നു നിൻ വഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും അന്തഃരംഗത്തിലെ നിൻ... ചിന്താ
നിന്നുടെ പേർക്കിഹലോകെ വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ വിശ്വസിച്ചു സതതം... ചിന്താ